പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3839 | 15.12.2014 ൽ മറുപടിക്ക്

## പോലീസ് സ്റ്റേഷനുകൾക്ക് മുമ്പിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോസ് തെറ്റയിൽ<br>,, മാത്യു റ്റി.തോമസ്<br>,, സി.കെ.നാണു<br>ശ്രീമതി.ജമീല പ്രകാശം | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| എ) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾക്ക് മുമ്പിൽ വർഷങ്ങളായി പിടിച്ചിട്ടിരിക്കുന്നതും കാലപ്പഴക്കംകൊണ്ട് തുരുമ്പിച്ച് യാത്രക്കാർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതുമായ വാഹനങ്ങൾ എടുത്തുമാറ്റുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ; | (എ) | ക്രൈം കേസിൽ ഉൾപ്പെട്ട വാഹനങ്ങൾ കേസ് തീരുന്ന മുറയ്ക്ക് ബഹു. കോടതിയുടെ അനുവാദത്തോടുകൂടി ഡിസ്പോസൽ ചെയ്തുവരുന്നു. അവകാശികൾ ഇല്ലാത്ത വാഹനങ്ങൾ കേരളാ പോലീസ് ആക്ട് 56 പ്രകാരം ലേലം ചെയ്ത് ഒഴിവാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങളുടെ എണ്ണവും പിടിച്ചിട്ടിട്ടുള്ളതിന്റെ പഴക്കവും പരിശോധിച്ചിട്ടുണ്ടോ; | (ബി) | എണ്ണം പരിശോധിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത വാഹനങ്ങൾ മാറ്റുന്നതിന് എന്തെങ്കിലും നിയമതടസ്സങ്ങളുണ്ടോ; എങ്കിൽ അവ അതിജീവിക്കുവാൻ നിയമനിർമ്മാണം അടക്കമുള്ള നടപടികൾക്ക് തയ്യാറാവുമോ? | (സി) | ക്രൈം കേസുകളിൽ ഉൾപ്പെട്ടതും കോടതി കേസുകളുമായി ബന്ധപ്പെട്ടവയും കോടതി തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ ഡിസ്പോസ് ചെയ്യാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ